# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

**(ഹാജർ:എച്ച്. നജീബ്)**

**സംഗ്രഹം**

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - ജനറൽ എക്സ്റ്റൻഷൻ ഓഫീസർ/ എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ് ഗ്രേഡ്-II)/എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) തസ്തികയിൽ നിന്നും ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (ആർ.എച്ച്/ഇ.ജി.എസ്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയത് - ഭേദഗതി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**ഉത്തരവ് നം. 1895/എസ്റ്റാ. ബി3/2020/സിആർഡി തീയതി : 19.08.2020**

==================================================================

പരാമർശം:

1. 31.12.2019-ലെ 3912/Estt.B3/2019/CRD നമ്പർ നടപടിക്രമം
2. സ.ഉ. (ആർ.റ്റി) നം. 2178/2019/തസ്വഭവ. തീയതി 03.10.2029
3. 06.08.2020-ലെ 1895/Estt.B3/2020/CRD (2) നമ്പർ നടപടിക്രമം
4. O.A (EKM) – 1190/2020 നമ്പർ കേസ്സിൻമേലുള്ള 10.08.2020-ലെ ഇടക്കാല ഉത്തരവ്
5. 12.03.2020-ലെ 1376/Estt.B3/19/CRD നമ്പർ നടപടിക്രമം.
6. ശ്രീ. ചന്ദ്രബാബു. കെ, JBDO (EGS) ഭരണിക്കാവ് ബ്ലോക്ക് ഫയൽ ചെയ്ത ഒ.എ. 542/2020 നമ്പർ കേസിന്മേലുള്ള 16.03.2020ലെ ഇടക്കാല ഉത്തരവ്
7. 06.08.2020-ലെ 1895/Estt. B3/2020/CRD (1) നടപടിക്രമം

മേലടി ബ്ലോക്കിലെ എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) ആയ ശ്രീ. പി. വി. സുജീന്ദ്രൻ (സീനിയോരിറ്റി 1797 – പെൻ നം. 204552) ന് ജോയിൻറ് ബി.ഡി.ഒ. തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി തൂണേരി ബ്ലോക്കിൽ ജോയിൻറ് ബി.ഡി.ഒ. (RH) തസ്തികയിൽ നിയമിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പരാമർശം (2) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എക്സ്റ്റൻഷൻ വിഭാഗം ജീവനക്കാരുടെ പ്രീ സർവ്വീസ് പരീക്ഷ പാസ്സായത് സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചപ്പോൾ ശ്രീ. പി. വി. സുജീന്ദ്രൻ ടി പ്രീ സർവ്വീസ് പരീക്ഷ ഇതുവരെയും പാസ്സായിട്ടില്ല എന്ന് കണ്ടെത്തുകയും ഇതിൻറെ അടിസ്ഥാനത്തിൽ ടിയാളെ ജോയിൻറ് ബി.ഡി.ഒ. തസ്തികയിൽ നിന്നും റിവർട്ട് ചെയ്ത് ജനറൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ പന്തലായനി ബ്ലോക്കിൽ നിയമിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുള്ളത്.

പരാമർശം (3) പ്രകാരമുള്ള ഉത്തരവിനെതിരെ ശ്രീ. പി. വി. സുജീന്ദ്രൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA (EKM) 1190/2020 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതും പരാമർശം (3) പ്രകാരമുള്ള നടപടി ആറ് ആഴ്ച്ചത്തേക്ക് സ്റ്റേ ചെയ്തുകൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്.

ഭരണിക്കാവ് ബ്ലോക്കിലെ ജോയിന്റ് ബി.ഡി.ഒ. (ഇ.ജി.എസ്) ശ്രീ. ചന്ദ്രബാബു. കെ-ക്ക് സ്ഥലംമാറ്റം നൽകി പട്ടാമ്പി ബ്ലോക്കിൽ ജോയിന്റ് ബി.ജി.ഒ. (ഇ.ജി.എസ്) തസ്തികയിൽ നിമയിച്ച് പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിനെതിരെ ശ്രീ. ചന്ദ്രബാബു ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA 542/2020 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതും പരാമർശം (5) പ്രകാരമുള്ള നടപടി പരാമർശം (6) പ്രകാരം സ്റ്റേ ചെയ്തിട്ടുള്ളതുമാണ്.

(മറുപുറം...2)

പത്തനാപുരം ബ്ലോക്കിലെ എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) ശ്രീ. അനീഷ്. എസ്. എസ്. (സീനി. നം. 1875, പെൻ നം. 193331)ന് ജോയിൻറ് ബി.ഡി.ഒ. തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി, ശ്രീ. പി. വി. സുജീന്ദ്രനെ റിവർട്ട് ചെയ്തപ്പോൾ ഉണ്ടായ തൂണേരി ബ്ലോക്കിലെ ജോയിൻറ് ബി.ഡി.ഒ. (RH) തസ്തികയിലെ ഒഴിവിൽ നിയമിച്ച് പരാമർശം (7) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ശ്രീ. അനീഷ്. എസ്. എസ്.-നെ പരാമർശം (6) പ്രകാരമുള്ള ഒ.എ. 542/2020-ൻറെ അന്തിമ വിധി പുറപ്പെടുവിക്കുന്നതുവരെയോ ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതു വരെയോ പട്ടാമ്പി ബ്ലോക്കിൽ ജോയിൻറ് ബി.ഡി.ഒ. (ഇ.ജി.എസ്) തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു. പരാമർശം (7) പ്രകാരമുള്ള ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്,

ബന്ധപ്പെട്ട വ്യക്തികൾക്ക് ( ബി.ഡി.ഒ മുഖാന്തിരം)

പകർപ്പ് :-

(1) ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക്
(2) ബന്ധപ്പെട്ട അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്ക്
(3) ബന്ധപ്പെട്ട എല്ലാ പ്രോജക്ട് ഡയറക്ടർമാർക്ക്
(4) പി&എം. സെക്ഷൻ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
(5) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

ജൂനിയർ സൂപ്രണ്ട്